# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.10/287/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

(1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
(2)അസിസ്റ്റൻറ് ഡവലപ്മെന്റ് കമ്മീഷണർ കാസറഗോഡ്
(3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി.10/287/2022 തീയ്യതി: 30/03/2022

## കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നാരാണ കമ്മത്ത്.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-03-2022 | 17-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-03-2022 | 17-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.പി.വിനീത് കുമാർ, ഓഡിറ്റ് ഓഫീസർ
തോമസ്. കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബു. എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി .ജാനകി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സജീവൻ.ആർ | സെക്രട്ടറി | 01-04-2019 | 03-08-2019 |
| സുരേന്ദ്രൻ.എൻ | സെക്രട്ടറി | 04-08-2019 | 30-09-2019 |
| സജീവൻ.ആർ | സെക്രട്ടറി | 01-10-2019 | 04-02-2020 |
| കൃഷ്ണ രാജ് | സെക്രട്ടറി | 05-02-2020 | 05-03-2020 |
| ചന്ദ്ര മോഹനൻ. പി | സെക്രട്ടറി | 06-03-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീനി വാസൻ സി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2019 | 23-07-2019 |
| രമേശൻ.പി.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 24-07-2019 | 31-03-2020 |
| സുനിൽ കുമാർ .വി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-07-2019 |
| അന്ന സൂര്യ.എം | അസിസ്റ്റന്റ് എൻജിനീയർ | 01-08-2019 | 17-11-2019 |
| കലേഷ്.കെ | അസിസ്റ്റന്റ് എൻജിനീയർ | 18-11-2019 | 31-03-2020 |
| സതീഷ് കുമാർ പി.വി | പട്ടിക ജാതി വികസന ഓഫീസരി | 01-04-2019 | 31-03-2020 |
| കല്യാണി നായർ. കെ | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ജയശ്രീ.എ | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 01-04-2019 | 12-12-2019 |
| റീന കുമാരി.എ.കെ. | ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | 13-12-2019 | 31-03-2020 |
| ഡോ.രമേശ്.ഡി.ജി | മെഡിക്കൽ ഓഫീസർ .സി.എച്ച്.സി.ചെറുവത്തൂർ | 01-04-2019 | 31-03-2020 |
| വീണാറാണി.ആർ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൽച്ചർ | 01-04-2019 | 16-10-2019 |
| സുനിത.എസ്. | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൽച്ചർ | 17-10-2019 | 28-10-2019 |
| സുമ.ഡി.എൽ | അസിസ്റ്റന്റ് ഡയറക്ടർ,അഗ്രിക്കൽച്ചർ | 29-10-2019 | 05-03-2020 |
| ഷിജോ.കെ. എ | അസിസ്റ്റന്റ് | 06-03-2020 | 31-03-2020 |

| | | | |
|---|---|---|---|
| | ഡയറക്ടർ,അഗ്രിക്കൽച്ചർ | | |
| ബാബു.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| സാജൻ ജോസഫ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 26-01-2020 |
| സുനിൽ.എം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 27-01-2020 | 31-03-2020 |
| ഡോ.മനോജ് .ജെ | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നീലേശ്വരം | 01-04-2019 | 11-02-2020 |
| ഡോ.രഞ്ജിത കെ.ടി | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നീലേശ്വരം | 12-02-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Babu M (Senior Grade Auditor, On 14-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 14-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക -അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 21-03-2022) | 1-2 |
| 3 | പൊതു ആവശ്യ ഗ്രാന്റ് വരവിൽ കുറവ്<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 26-03-2022) | 1-2-1 |
| 4 | വികസന ഫണ്ട്- വരവ് കണക്കിൽ അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 21-03-2022) | 1-2-2 |
| 5 | റീകൺസിലിയേഷൻ - അപാകതകൾ<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 21-03-2022) | 1-2-3 |
| 6 | ബാലൻസ് ഷീറ്റ് പൊരുത്തക്കേടുകൾ<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 24-03-2022) | 1-2-4 |
| 7 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 24-03-2022) | 1-2-5 |
| 8 | മറ്റ് ന്യൂനതകൾ<br>Written By: Babu M (Senior Grade Auditor, On 21-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 21-03-2022) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Babu M (Senior Grade Auditor, On 15-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 19-03-2022) | 1-3 |
| 10 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം<br>Written By: Babu M (Senior Grade Auditor, On 17-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 30-03-2022) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Babu M (Senior Grade Auditor, On 15-03-2022)<br>Last Updated By: Priyesh M.K (Computer Assistant, On 30-03-2022) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Babu M (Senior Grade Auditor, On 15-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 24-03-2022) | 1-6 |
| 13 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Babu M (Senior Grade Auditor, On 19-03-2022)<br>Last Updated By: Babu M (Senior Grade Auditor, On 19-03-2022) | 1-7 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: Babu M (Senior Grade Auditor, On 17-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 25-03-2022) | 1-8 |
| 15 | ജനറൽ പർപ്പസ് ഗ്രാന്റ് അവസാന മൂന്ന് ഗഡുക്കൾ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വന്നില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം 11.23 ലക്ഷം രൂപ.<br>Written By: Vineeth Kumar K.P (Audit Officer, On 18-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 27-03-2022) | 1-9 |
| 16 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു.<br>Written By: Vineeth Kumar K.P (Audit Officer, On 19-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 27-03-2022) | 1-10 |

| | | |
|---|---|---|
| 17 | വ്യവസായ വികസനം- ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കപ്പെടുന്നില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 21-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 30-03-2022) | 1-11 |
| 18 | മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.<br>Written By: Vineeth Kumar K.P (Audit Officer, On 21-03-2022)<br>Last Updated By: Vineeth Kumar K.P (Audit Officer, On 21-03-2022) | 1-12 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 14-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 25-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Thomas. K (Asst. Audit Officer, On 12-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-03-2022) | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 12-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 12-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 14-03-2022)<br>Last Updated By: Narayana Kammath P (Senior Deputy Director, On 21-03-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 11-03-2022)<br>Last Updated By: Thomas. K (Asst. Audit Officer, On 11-03-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2019-20 വർഷത്തെ ബജറ്റ്, അംഗീകരിച്ചതിന്റെ വിവരം .

| ഇനം | ബജറ്റ് |
|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 230/2018-19<br>തിയതി :27-02-2019 |
| മുന്നിരിപ്പ് | 1,17,73,299 രൂപ |
| വരവ് | 6,33,44,100 രൂപ |
| ആകെ | 7,51,17,399 രൂപ |
| ചെലവ് | 7,11,24,600 രൂപ |
| നീക്കിയിരിപ്പ് | 39,92,799 രൂപ |

## 1-2 വാർഷിക ധനകാര്യപത്രിക -അപാകതകൾ

നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിക്കുകയുണ്ടായി. വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്ന ന്യൂനതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 പൊതു ആവശ്യ ഗ്രാന്റ് വരവിൽ കുറവ്

ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2019-20 വർഷത്തെ വരവായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയ തുക 41,18,400 രൂപയാണ്. ഇത് ശരിയായ തുകയല്ല . ബ്ലോക്ക് പഞ്ചായത്തിന് പൊതു ആവശ്യ ഗ്രാന്റ് ഇനത്തിൽ 12 ഗഡുക്കളിലായി 44,93,000/- രൂപയാണ് 2019-20 വർഷം ലഭിക്കേണ്ടിയിരുന്നത്. ട്രഷറി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട 12 ഗഡുക്കളിൽ 9 ഗഡുക്കൾ മാത്രമേ വരവ് വന്നിട്ടുള്ളു (33,69,600). ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ₹11,23,400 (44,93,000-33,69,600) തിരികെ ലഭ്യമാക്കുവാനും ബ്ലോക്ക് പഞ്ചായത്ത് കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-2 വികസന ഫണ്ട്- വരവ് കണക്കിൽ അപാകതകൾ

2019-20 വർഷത്തെ ബജറ്റ് വിഹിതം വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പ്രകാരം (സ.ഉ(സാധ) നം.10050/19 തി.21.12.2019) പ്രകാരം വികസന ഫണ്ട് എസ്.സി.പി. ഇനത്തിൽ 23,74,400 രൂപയും, ടി.എസ്.പി ഇനത്തിൽ 2,23,400/- രൂപയും ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുക സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ഇതു മൂലം ടി.എസ്.പി, എസ്.സി.പി എന്നീ ഫണ്ടുകളുടെ സാംഖ്യാ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകളിലെ വരവ് കണക്കുകൾ ക്രമപ്രകാരമല്ല

### 1-2-3 റീകൺസിലിയേഷൻ - അപാകതകൾ

1) ട്രഷറി TSBഅക്കൗണ്ട് 720031400000005 പ്രകാരമുള്ള സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് 31.03.2020 ലെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രികയിൽ കാലാവധി കഴിഞ്ഞ ചുവടെ ചേർത്ത ചെക്കുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ ക്രമീകരിച്ചതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (Cheques Issued But Not Presented In To Bank)

ചെക്ക് നം.5262122/13.11.2019 = 9,730/

ചെക്ക് നം.5262121/13.11.2019 = 8,958//-

ചെക്ക് നം.5262120/02.11.2019 = 20,735/-

ചെക്ക് നം.5262119/01.11.2019 = 26,750/-

ചെക്ക് നം.5262119/01.11.2019 = 19,795/-

ചെക്ക് നം.5262118/01.11.2019 = 6,000/-

ചെക്ക് നം.011734/09.01.2018 = 200/-

ചെക്ക് നം.2261174/14.02.2019 = 170/--

2) വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പിൽ പൈക്ക -എസ്.ബി.ഐ അക്കൗണ്ടിൽ 22 രൂപയും, പ്ലാൻ കെ.ജി.ബി അക്കൗണ്ടിൽ 12 രൂപയും നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ സർക്കാർ ഖജനാവിലേക്ക് തിരികെ ഒടുക്കിയിരുന്നു. ആയതിനാൽ ഈ തുകകളും പിൻവലിച്ച് സർക്കാർ ഖജനാവിലേയ്ക്ക് ഒടുക്കേണ്ടതും , അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

1-2-4 ബാലൻസ് ഷീറ്റ് പൊരുത്തക്കേടുകൾ

1)ബ്ലോക്ക് പഞ്ചായത്ത് കണക്ക് പ്രകാരം തൊഴിലുറപ്പ് പദ്ധതി ഇനത്തിലെ 31.3.2020 നീക്കിയിരിപ്പ് 4,97,407/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ബി.4 ഷെഡ്യൂളിൽ ഈയിനത്തിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 5,25,817/- രൂപയെന്നാണ്. 28,410/- രൂപയുടെ വ്യത്യാസം കാണുന്നു.

2)ബാലൻസ് ഷീറ്റിൽ ബി.9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ₹10,89,856 (Other Creditors), ₹11,92,616 (Other Liabilities) എന്നീ തുകകളുടെ കൃത്യത പരിശോധിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3)സംയുക്ത പദ്ധതി -ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ ബാലൻസ് ഷീറ്റിൽ ബി4 ൽ ഉൾപ്പെടുത്തിയിട്ടുള്ള 2,18,257/- രൂപ, ICDS കേന്ദ്ര വിഹിതമിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 6,98,610/- എന്നീ തുകകളുടെ കൃത്യത പരിശോധിച്ച് , ഇത് പ്രകാരം വിനിയോഗിക്കുവാൻ സാധിക്കാത്ത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-2-5 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയെങ്കിലും തൊഴിലുറപ്പ് പദ്ധതിയ്ക്കായി മുൻകൂർ നൽകിയതിന്റെ വിശദാംശം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു മൂലം ബാലൻസ് ഷീറ്റിൽ ബി.7 ഷെഡ്യൂളിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാടക രജിസ്റ്ററിൽ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

1-2-6 മറ്റ് ന്യൂനതകൾ

1) 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2019-20വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2) സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

(2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ

| വർഷം | 2019-20 |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 1,09,05,876 രൂപ |
| വരവ് | 3,53,28,391 രൂപ |
| ആകെ | 4,62,34,267 രൂപ |
| ചെലവ് | 3,67,07,296 രൂപ |
| നീക്കിയിരിപ്പ് | 95,26,971 രൂപ |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ)ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 33848000 | 33848000 | 22109672 | 11738328 | 65.32 |
| വികസനഫണ്ട് എസ്.സി.പി.* | 0 | 7123000 | 7123000 | 2616782 | 4506218 | 36.73 |
| വികസനഫണ്ട് ടി.എസ്.പി.* | 0 | 670000 | 670000 | 521716 | 148284 | 77.86 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4428000 | 4428000 | 3378134 | 1049866 | 76.29 |
| ആകെ | 0 | 46069000 | 46069000 | 28626304 | 17442696 | 62.13 |

*സ.ഉ.(സാധ) നം.10050/19 തി. 21.12.2019 പ്രകാരം അനുദിച്ച വികസനഫണ്ട് മൂന്നാം ഗഡുവിൽ ഉൾപ്പെട്ട ₹2374400 (എസ്.സി.പി), ₹ 223400(ടി.എസ്.പി), - എന്നീ തുകകൾ സാംഖ്യയിൽ വരവിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇവ മേൽപട്ടികയിൽ ബന്ധപ്പെട്ട ഇനത്തിൽ വരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22109672 | 22109672 | 22109672 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2616782 | 2616782 | 2616782 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 521716 | 521716 | 521716 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3378134 | 3378134 | 3378134 | 0 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 2606256 | 5369959 | 7976215 | 3994457 | 3981758* |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 138257 | 80000 | 218257 | 0 | 218257 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 0 | 164811 | 164811 | 164811 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 24660 | 843061 | 867721 | 370314 | 497407 |

| | | | | | |
|---|---|---|---|---|---|
| ഐ.എ.വൈ സ്റ്റേറ്റ് ഷെയർ | 940560 | 3547 | 944107 | 889506 | 54601 |
| പൈക്ക | 163299 | 1926 | 165225 | 165203* | 22 |
| ഐ.എ.വൈ അഡ്മിൻ | 23627 | 3655 | 27282 | 27282* | 0 |
| ഐ.എ.വൈ പ്ലാൻ | 1107429 | 8916 | 1116345 | 1060716 | 55629 |
| എസ്.ജി.എസ്.വൈ | 199309 | 4344 | 203653 | 253653* | 0 |
| ടോട്ടൽ സാനിറ്റേഷൻ | 3145111 | 347234 | 3492345 | 223957 | 3268388 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| കേരളോത്സവം | 96432 | 60000 | 156432 | 0 | 156432 |
| ശുചിത്വ മിഷൻ | 108062 | 0 | 108062 | 0 | 108062 |
| പ്ലാൻ (കേരള ഗ്രാമീൺ ബാങ്ക്) | 2413241 | 48095 | 2461336 | 2461324* | 12 |
| പ്ലാൻ (എസ്.ബി.ഐ) | 25985 | 317 | 26302 | 26302* | 0 |
| മറ്റ് അവർഡുകൾ (നിർമ്മൽ പുരസ്കാരം, മികച്ച ബ്ലോക്ക് പഞ്ചായത്ത് സംസ്ഥാന ഗവ. പുരസ്കാരം) | 1056310 | 1500000 | 2556310 | 268220 | 2288090 |

കുറിപ്പ്:

1)* ജനറൽ പർപ്പസ് ഗ്രാന്റിന്റെ 3 ഗഡുക്കൾ സമയബന്ധിതമായി ട്രഷറിയിൽ ബിൽ സമർപ്പിച്ച് ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ 11 ഗഡുക്കൾ വരവ് വന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഇതനുസരിച്ചാണ് ടി.എസ്.ബി അക്കൗണ്ടിന്റെ നീക്കിയിരിപ്പ് കണക്കാക്കിയിട്ടുള്ളത്. ട്രയൽ ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങളാണ് ജനറൽ പർപ്പസ് ഗ്രാന്റ് സംബന്ധിച്ച് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. (ഇത് സംബന്ധിച്ച പ്രത്യേക പരാമർശം ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

2)*ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഗ്രാമ വികസന കമ്മീഷണർ 08/04/2019 ലെ 15574/ഐ.എ1/2018/CRD കത്തിൽ നിർദ്ദേശിച്ചതനുസരിച്ച് നിഷ്ക്രിയാവസ്ഥയിൽ ഉണ്ടായിരുന്ന , പ്ലാൻ(കേരള ഗ്രാമീണ ബാങ്ക്), പ്ലാൻ (എസ്.ബി.ഐ), പൈക്ക (എസ്.ബി.ഐ), എസ്.ജി.എസ്.വൈ (കേരള ഗ്രാമീൺ ബാങ്ക്), ഐ.എ.വൈ അഡ്മിൻ (കെ.ജി.ബി) എന്നിവയിലെ നീക്കിയിരിപ്പ് തുകകൾ (ആകെ 29.06 ലക്ഷം രൂപ) സർക്കാർ ഖജനാവിലേയ്ക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. ഐ.എ.വൈ അഡ്മിൻ (കെ.ജി.ബി) അക്കൗണ്ടിലെ നീക്കിയിരിപ്പ തുക 27282 രൂപ ഗ്രാമ വികസന കമ്മീഷണറുടെ നർദ്ദേശപ്രകാരം സ്റ്റേറ്റ് നോഡൽ ഏജൻസി അക്കൗണ്ടിലേയ്ക്കും റീ ഫണ്ട് ചെയ്തു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 79 | 5,78,82,271 രൂപ | 20 | 2,76,83,568 രൂപ | 31 | 28 | 25% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 17 | 1,46,05,433 രൂപ | 10 | 44,25,795 രൂപ | 30 % |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 2 | 17,83,832 | 2 | 7,27,924 | 41 % |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 36 | 2,33,14,466 | 19 | 8847536 | 38 % |
| 4 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 2 | 21,48,193 | 2 | 1924609 | 90% |
| 5 | ശിശുവികസന പദ്ധതി ഓഫീസർ | 3 | 23,00,000 | 2 | 16,92,372 | 74 % |
| 6 | പട്ടിക വർഗ്ഗ വികസന ഓഫീസർ | 2 | 5,38,000 | 2 | 5,00,000 | 93 % |
| 7 | പട്ടിക ജാതി വികസന ഓഫീസർ | 2 | 24,00,000 | 1 | 18,00,000 | 75 % |
| 8 | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 37,50,000 | 1 | 31,74,365 | 85 % |
| 9 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 7 | 27,63,650 | 7 | 27,39,907 | 99 % |
| 10 | മെഡിക്കൽ ഓഫീസർ -താലൂക്ക് ആശുപത്രി | 6 | 31,91,697 | 6 | 18,51,060 | 58 % |
| 11 | ഇന്റസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 10,87,000 | 0 | 0 | 0% |
| | ആകെ | 79 | 5,78,82,271 | 42 | 2,76,83,568 | 48 % |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 24,660 രൂപ | 6,90,331 രൂപ | 7,14,991 രൂപ | 2,17,583 രൂപ | 4,97,408 രൂപ |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.03.2022 തീയതിയിൽ 12.45 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 21 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 23 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-2020 സാമ്പത്തിക വർഷം 19 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗത്തിൽ ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്.

വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 2 തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കുകൾ സൂക്ഷിക്കുകയും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. നടപ്പപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ പലപ്പോഴും കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 ജനറൽ പർപ്പസ് ഗ്രാന്റ് അവസാന മൂന്ന് ഗഡുക്കൾ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വന്നില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് നഷ്ടം 11.23 ലക്ഷം രൂപ.

2019-20 വർഷം പൊതു ആവശ്യ ഗ്രാന്റിന്റെ ചുവടെ ചേർത്ത പ്രകാരമുള്ള അവസാന മൂന്ന് ഗഡുക്കൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

| ഉത്തരവ് നം | തുക |
|---|---|
| (സ.ഉ.(സാധ) നം.91/2020 ധന തി.03.1.2020) | ₹3,74,400/- |
| (സ.ഉ.(സാധ) നം.887/2020 ധന തി.31.1.2020) | ₹3,74,400/- |
| (സ.ഉ.(സാധ) നം.2480/2020 ധന തി.25.3.2020) | ₹3,74,600/- |
| ആകെ | ₹11,23,400/- |

10, 11 ഗഡുക്കൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനായി ട്രഷറിയിൽ ബിൽ സമർപ്പിച്ചുവെങ്കിലും തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. 12 മത് ഗഡു മാറുന്നതിനുള്ള ബിൽ ലോക്ഡൗൺ മൂലം ട്രഷറിയിൽ സമർപ്പിക്കുവാൻ സാധിച്ചില്ല എന്ന് അധികൃതർ അറിയിക്കുകയുണ്ടായി . അക്കൗണ്ടിൽ വരവ് വെയ്ക്കാൻ സാധിക്കാതിരുന്ന 11,23,400 രൂപ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 12.06.2020 ലെ ബി-619/20(1) &(2) കത്തുകൾ പ്രകാരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ധനകാര്യ (എസ്.എഫ്.സി സെൽ) ജോയന്റ് സെക്രട്ടറി എന്നിവർക്ക് നൽകിയിരുന്നു. അസി.ഡെവലപ്മെന്റ് കമ്മീഷണറുടെ (ജന) 10-11-2020 ലെ RD2/925/20 കത്ത് പ്രകാരം ഈ വിഷയത്തിൽ എടുത്ത ഭരണ സമിതി തീരുമാനം അയച്ച് നൽകാൻ ആവശ്യപ്പെട്ടിരുന്നവെങ്കിലും, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല എന്ന മറുപടിയാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.2.2021 ലെ ബി-619/20 നമ്പർ കത്ത് പ്രകാരം അസി.ഡെവലപ്മെന്റ് കമ്മീഷണർക്ക് നൽകിയത്. തുടർന്ന് കഴിഞ്ഞ ഒരു വർഷം ഇക്കാര്യത്തിൽ യാതൊരു തുടർ നടപടികളും അധികൃതരുടെ ഭാഗത്തു നിന്നും സ്വീകരിച്ച് കാണുന്നില്ല. ഇക്കാര്യം അടിയന്തിരമായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി തുക ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഭരണ സമിതി തീരുമാനം സഹിതം സർക്കാരിന് സമർപ്പിക്കുവാനും തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 3/2019-20, തീയതി 10-03-2022.)

## 1-10 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു.

വിവിധ പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറ്റു സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | അലോട്മെന്റ് നമ്പർ,തീയതി | തുക | നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | 16/2020(ലൈഫ് ഭവനം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ) അടങ്കൽ വികസനഫണ്ട് (ജനറൽ)= 62,09,600, ചെലവ്= 29,74,374 | 159/15-02-2020 | 324600 | വിവരം ലഭ്യമല്ല |
| | | 160/15-02-2020 | 1149687 | |
| | | 162/15-02-2020 | 200000 | |
| | | 172/28-02-2020 | 200000 | |
| | | 178/2-03-2020 | 200000 | |
| | | 180/2-03-2020 | 200000 | |
| | | 196/12-03-2020 | 70313 | |
| | | 225/30-03-2020 | 29774 | |
| | | 226/30-03-2020 | 600000 | |
| | ആകെ | | 29,74,374 | |
| 2 | 23/2020 (പാലിയേറ്റീവ് കെയർ- ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ) | 78/18-11-2019 | 149593 | വിവരം ലഭ്യമല്ല |
| | | 82/25-11-2019 | 35,830 | |
| | | 87/5-12-2019 | 75,470 | |

| | | | | |
|---|---|---|---|---|
| | | 102/16-12-2019 | 15000 | |
| | | 119/13-01-2020 | 37720 | |
| | | 139/31-01-2020 | 83,200 | |
| | | 147/6.02.2020 | 36810 | |
| | | 149/7-02-2020 | 4407 | |
| | | 161/15-02-2020 | 22472 | |
| | | 165/17-02-2020 | 35640 | |
| | | 166/20-02-2020 | 200000 | |
| | | 173/28-02-2020 | 15000 | |
| | | 181/2-03-2020 | 15000 | |
| | | 187/10-03-2020 | 37392 | |
| | | 188/10-03-2020 | 12530 | |
| | | 200/16-03-2020 | 35560 | |
| | | 205/18-03-2020 | 19500 | |
| | | 206/18-03-2020 | 54,400 | |
| | | 223/28-03-2020 | 19800 | |
| | | 227/30-03-2020 | 19620 | |
| | ആകെ | | 9,24,944 | |
| | ആകെ മൊത്തം | | 38,99,318 | |

തുക ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് നൽകിയത് എന്ന വിവരവും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ38,99,318 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.4,5 തീ.10/03/22 )

## 1-11 വ്യവസായ വികസനം- ആവിഷ്കരിക്കുന്ന പദ്ധതികൾ നടപ്പിലാക്കപ്പെടുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ വ്യവസായ വികസന മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും അവ നടപ്പിൽ വരുത്തിക്കാണുന്നില്ല. 2019-20 വർഷം വനിതാ സ്വയം സഹായ സംഘങ്ങൾക്കും കുടുംബശ്രീ ഗ്രൂപ്പുകൾക്കും കാർഷിക ഉല്പന്ന സംഭരണത്തിനും വിപണനത്തിനും സൗകര്യമൊരുക്കുന്നതിനായി ശീതീകരണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള 10.87 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി (പ്രൊ.നം.44/19-20- വികസന ഫണ്ട്) ആവിഷ്കരിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഇത്തരത്തിൽ വകയിരുത്തുന്ന തുക യഥാസമയം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്നതുമൂലം തുക മറ്റ് പദ്ധതികൾക്കും വിനിയോഗിക്കുവാൻ സാധിക്കാതെ ലാപ്സായി പോകുന്ന സാഹചര്യം ഉണ്ടാകുന്നു. ചെറുകിട കാർഷികാധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് മൂലം ഗ്രമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതുവഴി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിക്കുന്ന ഇത്തരം പദ്ധതികൾ സമയബന്ധിതമായി പ്രാവർത്തികമാക്കുവാനും വകയിരുത്തുന്ന തുക നഷ്ടപ്പെടുത്താതെ വിനിയോഗിക്കുവാനും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധ നല്കേണ്ടതാണ്.

## 1-12 മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ 1997-98 മുതൽ 2018-19 വരെയുള്ള കാലയളവിലെ 18 ഓഡിറ്റ് റിപ്പോർട്ടുകളിലായി 200 പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത്

നേരിട്ടും, നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും നടപടികൾ സ്വീകരിക്കേണ്ട പരാമർശങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം നൽകാൻ ഭരണസമിതിയും ഉദ്യോഗസ്ഥ സംവിധാനവും ശ്രദ്ധിക്കേണ്ടതാണ്. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിനും, ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടം അനുശാസിക്കുന്ന പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2019-20 | 09-03-2022 മുതൽ 10-03-2022 വരെ | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | പ്രൊ.നം.51/19-20, സെക്കന്ററി തല സാന്ത്വന പരിചരണം | 100000 | 0 |
| | 2019-20 | 64811 | പ്രൊ.നം.37/19-20 പാലിയേറ്റീവ് കെയർ | 64811 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 Expen | 2.3 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (3പ്രവൃത്തികൾ) | പ്രവൃത്തി പൂർത്തീകരിച്ചു.തടസ്സം ഒഴിവാക്കുവാൻ ശുപാർശ ചെയ്തു<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1998-99 Plan | 2.2 | 2007-08 | ഖ.3.66.1 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. (10പ്രവൃത്തികൾ) | 6എണ്ണം പൂർത്തീകരിച്ചു. മറ്റുള്ളവ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച തുടർ മറുപടിയിന്മേൽ പരിശോധന റിപ്പോർട്ട് Ksa Ksd.11/526/2018 Dt.10.05.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചു.സമിതിയിൽ നിന്നും തുടർ നിർദ്ദേശം പ്രതീക്ഷിക്കുന്നു.<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1998-99 പ്ലാൻ | 2-7 | 2007-08 | ഖ.3.66.3 | KSEBയിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച തുടർ മറുപടിയിന്മേൽ പരിശോധന റിപ്പോർട്ട് Ksa Ksd.11/526/2018 Dt.10.05.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചു.<br>സമിതിയിൽ നിന്നും തുടർ നിർദ്ദേശം പ്രതീക്ഷിക്കുന്നു.<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1997-98 പ്ലാൻ | 2-3 | 2007-08 | ഖ.3.66.3 | KSEBയിൽ തുക നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച തുടർ മറുപടിയിന്മേൽ പരിശോധന റിപ്പോർട്ട് Ksa Ksd.11/526/2018 Dt.10.05.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചു.<br>സമിതിയിൽ നിന്നും തുടർ നിർദ്ദേശം പ്രതീക്ഷിക്കുന്നു.<br>(LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1999-00 പ്ലാൻ | 2-7 | 2007-08 | ഖ.3.66.3 | ഭവന നിർമ്മാണ ബോർഡിൽ നിക്ഷേപിച്ചത് വിനിയോഗ സാക്ഷ്യപത്രം ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച തുടർ മറുപടിയിന്മേൽ പരിശോധന റിപ്പോർട്ട് Ksa Ksd.11/526/2018 Dt.10.05.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചു.<br>സമിതിയിൽ നിന്നും തുടർ നിർദ്ദേശം പ്രതീക്ഷിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | | (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 1997-98 പ്ലാൻ | 2-6 | 2007-08 | ഖ.3.66.3 | ഭവന നിർമ്മാണ ബോർഡിൽ നിക്ഷേപിച്ചത് യൂ.സി ഇല്ല | 7,87,500 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി . അവശേഷിച്ച12,500 രൂപ തിരികെ ലഭ്യമായതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച തുടർ മറുപടിയിന്മേൽ പരിശോധന റിപ്പോർട്ട് Ksa Ksd.11/526/2018 Dt.10.05.2018 പ്രകാരം ഡയറക്ടർക്ക് സമർപ്പിച്ചു.സമിതിയിൽ നിന്നും തുടർ നിർദ്ദേശം പ്രതീക്ഷിക്കുന്നു. (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2005-06, 2006-07 | 3(1) & 3(1) Abc | 2008-09 | ഖ.3-4-2 | എർത്ത് ഫില്ലിങ്ങ് പ്രവൃത്തി - അപാകത | സർക്കാർ ഉത്തരവ് ,കോടതി വിധി എന്നിവയുടെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കുവാൻ ശുപാർശ നല്കി (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |

4-9 ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക: ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,53,28,391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,67,07,296 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38,99,318 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 3,96,813 | സജീവൻ. ആർ, സെക്രട്ടറി |
| | 26,03,616 | കൃഷ്ണരാജ്, സെക്രട്ടറി |
| | 8,98,889 | ചന്ദ്രമോഹൻ. പി, സെക്രട്ടറി |
| ആകെ | 38,99,318 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | ഇല്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 5/753/04 തീയ്യതി 8-11-05 | 11 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 5/754/04 തീയ്യതി 13-12-05 | 8 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 5/795/04 തീയ്യതി 10-05-06 | 11 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 5/822/04 തീയ്യതി 06-06-06 | 8 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 5/821/04 തീയ്യതി 02-06-06 | 5 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 8/622/07 തീയ്യതി 17-10-07 | 15 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 8/623/07 തീയ്യതി 30-05-08 | 14 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 8/624/07 തീയ്യതി 30-05-08 | 7 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 8/625/07 തീയ്യതി 30-05-08 | 7 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 8/626/07 തീയ്യതി 30-05-08 | 8 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 6/358/13 തീയ്യതി 7-05-2013 | 8 |
| 2008-09 To 2009-10 | എൽ.എഫ്.കെ.എസ്.ഡി 6/1032/14(1) തീയ്യതി- 20-3-15 | 14 |
| 2010-11-to 2011-12 | കെ.എസ്.എ-കെ.എസ്.ഡി9/262/2016 തീയ്യതി-28-9-2016 | 15 |
| 2012-13 To 2013-14 | കെ.എസ്.എ-കെ.എസ്.ഡി.9/855/2016 തീയ്യതി-28-03-2017 | 6 |
| 2014-15 To 2015-16 | കെ.എസ്.എ.കെ.എസ്.ഡി-9-252/2017 തിയതി: 20.03.2017 | 14 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി.9-1144/2017 തിയ്യതി: 14.11.2017 | 13 |
| 2017-18 | കെ.എസ്.ഡി-9/178/2019 തിയ്യതി: 10/06/2019 | 21 |
| 2018-19 | കെ.എസ്.ഡി-9/186/2020 തിയ്യതി: 07/03/2020 | 15 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

| Nileswaram Block Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 246500.00 |
| 140000000 | Fee & User Charges | I-4(b) | 15536.00 |
| 150000000 | Sale & Hire Charges | I-5(b) | 3360.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 30792995.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 333.00 |
| | Total Income | | 31058724.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2341133.00 |
| 220000000 | Administrative Expenses | I-11(b) | 3257774.00 |
| 230000000 | Operations & Maintenance | I-12(b) | 383879.00 |
| 240000000 | Interest & Finance Charges | I-13 | 160724.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5104194.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 14415932.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5586634.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 41641.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 271592.00 |
| 255000000 | Maintenance Projects | I-14(e) | 1425760.00 |
| | Total Expenditure | | 32989263.00 |
| | Gross Surplus/ Deficit of income over Expenditure | | -1930539.00 |
| 280000000 | Prior Period Item | I-18 | 3402774.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -5333313.00 |

| | | | |
|---|---|---|---|
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 4

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Nileswaram Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10905876.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 15000.00 |
| 140000000 | Fees & User Charges | RP-4 | 15536.00 |
| 150000000 | Sale & Hire Charges | RP-5 | 3360.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31256945.00 |
| 171000000 | Interest Earned | RP-9 | 333.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2886650.00 |
| 350000000 | Other Liabilities | RP-36 | 157085.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 0.0 |
| 340000000 | Deposits Received | RP-34 | 21789.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 193700.00 |
| 460000000 | Loans, Advances and Deposits | RP-47 | 777993.00 |
| | Grand total | | 46234267.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2341133.00 |
| 220000000 | Administrative Expenses | RP-12 | 3256941.00 |
| 230000000 | Operations & Maintenance | RP-13 | 383879.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5104194.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14415932.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2961572.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 41641.00 |
| 254000000 | Expenditures of Transferred | RP-19 | 271592.00 |

| | | | |
|---|---|---|---|
| | institutions and State Sponsored Schemes | | |
| 255000000 | Maintenance Projects | RP-20 | 1425760.00 |
| 280000000 | Prior Period item | RP-26 | 259353.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 396136.00 |
| 350000000 | Other Liabilities | RP-36 | 100000.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 160724.00 |
| 410000000 | Fixed Assets | RP-38 | 1499293.00 |
| 412000000 | Capital work in Progress | RP-40 | 3345126.00 |
| 460000000 | Loans, Advances and Deposits | RP-47 | 744020.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9525471.00 |
| Cash | Cash | RP-40(b) | 1500.00 |
| | Grand Total | | 46234267.00 |

## അനുബന്ധം 5

## ബാലൻസ് ഷീറ്റ്

Nileswaram
BlockPanchayat
BALANCE SHEET AS ON
31-03-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12362851.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 21044379.00 |
| | Total Reserve & Surplus | | 33407230.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7248160.00 |
| | Total Grants, Contributions for Specific Purposes | | 7248160.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 224089.00 |
| 350000000 | Other Liabilities | B-9 | 2316087.00 |
| | Total Current Liabilities and Provisions | | 2540176.00 |
| | TOTAL LIABILITIES | | 43195566.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39480660.00 |
| 411000000 | Accumulated Depreciation | B-11 | -6877116.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 32603544.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 66500.00 |
| 450000000 | Cash and Bank Balance | B-17 | 9526971.00 |
| 460000000 | Loans, Advances and Deposits | B-18 | 998551.00 |
| | Total Current Assets, Loans and Advances | | 10592022.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 43195566.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.